ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 02.10.2023 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ഗാന്ധിസ്മൃതിയിൽ രാജ്യം. രാഷ്ട്രപിതാവിന്റെ 154-ആം ജന്മവാർഷിക ദിനം രാജ്യമെമ്പാടും വിപുലമായി ആചരിച്ചു.

   **Country in Gandhismriti. The 154th birth anniversary of the Father of the Nation was celebrated on a grand scale across the country.**

2. മധ്യപ്രദേശിൽ 19,260 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജസ്ഥാനിലും വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

   **Prime Minister Narendra Modi today laid the foundation stone and dedicated to the nation multiple development initiatives worth around 19 thousand 260 crores rupees from Gwalior in Madhya Pradesh; Various projects were also inaugurated in Rajasthan.**

3. രാജ്യത്തെ വ്യോമയാന മേഖലയിലെ വളർച്ച മുന്നിൽകണ്ടുള്ള വികസനമാണ് കൊച്ചി വിമാനത്താവളത്തിൽ നടപ്പാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that Kochi Airport is implementing development ahead of the growth in the country's aviation sector.**

4. ഏഷ്യൻ ഗെയിംസിന്റെ ഒമ്പതാം ദിനവും മെഡൽവേട്ട തുടർന്ന് ഇന്ത്യ. ലോങ്ജമ്പിൽ മലയാളി താരം ആൻസി സോജന് വെള്ളി.

ഇന്ത്യയുടെ മെഡൽ നേട്ടം 60 ആയി.

India continues its medal hunt on the ninth day of the Asian Games. KERALITE Ansi Sojan wins silver in long jump. India's medal tally stands at 60.

5. 2023 -ലെ വൈദ്യശാസ്ത്ര നൊബേൽ, കാറ്റലിൻ കാരിക്കോ, ഡ്രൂ വൈസ് മാൻ എന്നിവർക്ക്. പുരസ്കാരം എം ആർ എൻ എ കോവിഡ് വാക്സിനുകളുടെ വികസനത്തിന് വഴിയൊരുക്കിയ ഗവേഷണങ്ങൾക്ക്.

The Nobel Prize in Physiology or Medicine has been awarded to a pair of scientists who developed the technology that paved the way for groundbreaking mRNA COVID vaccines.

**************************

## HEADLINE-1

# NEW GANDHI JAYANTI

സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിലേക്ക് ഇന്ത്യയെ നയിച്ച രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 154-ാം ജന്മവാർഷികം സമുചിതമായി ആഘോഷിച്ച് രാജ്യം. മഹാത്മാഗാന്ധിയുടെ സമാധി സ്ഥലമായ ന്യൂഡൽഹിയിലെ രാജ്ഘട്ടിൽ സർവമത പ്രാർത്ഥന നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ രാവിലെ രാജ്ഘട്ടിൽ രാഷ്ട്രപിതാവിന്റെ സമാധിയിൽ പുഷ്പാർച്ചന നടത്തി. ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാരായ ഹർദീപ് സിങ് പുരി, ഡോ ജിതേന്ദ്ര സിങ്, മീനാക്ഷി ലേഖി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ എന്നിവരും പുഷ്പാർച്ചന നടത്തി.
മഹാത്മാഗാന്ധിയുടെ സത്യത്തിന്റെയും അഹിംസയുടെയും ദർശനങ്ങൾ ലോകത്തിന് പുതിയ വഴിയൊരുക്കിയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സന്ദേശത്തിൽ വ്യക്തമാക്കി. മഹാത്മാഗാന്ധിയുടെ സത്യത്തിന്റെയും അഹിംസയുടെയും തത്വങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ നയിച്ചതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു.

മഹാത്മാഗാന്ധിയുടെ കാലാതീതമായ പാഠങ്ങൾ പാതയ്ക്ക് വെളിച്ചം നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി ഗാന്ധിജയന്തി സന്ദേശത്തിൽ പറഞ്ഞു.

*************************

## GUJ-GANDHI JAYANTI

മഹാത്മാഗാന്ധിയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ജന്മനാടായ ഗുജറാത്തിൽ വിവിധ പരിപാടികൾ നടന്നു. അഹമ്മദാബാദിലെ സബർമതി ആശ്രമത്തിലും രാഷ്ട്രപിതാവിന്റെ ജന്മസ്ഥലമായ പോർബന്തറിലെ കീർത്തി മന്ദിറിലും സർവമത പ്രാർത്ഥന സംഘടിപ്പിച്ചു. മഹാത്മാ ഗാന്ധിയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് ഗുജറാത്ത് സർക്കാർ സംഘടിപ്പിക്കുന്ന *വൈബ്രന്റ് ഗുജറാത്ത്, വൈബ്രന്റ് ഡിസ്ട്രിക്റ്റ്* പരിപാടിക്കും ഇന്ന് തുടക്കമായി.

*************************

## SPECIAL CAMPAIGN – SWACHHATA

രാജ്യത്തെ സർക്കാർ ഓഫീസ് പ്രവർത്തനങ്ങളിലെ കാലതാമസം ഒഴിവാക്കലും ശുചീകരണവും ലക്ഷ്യമിട്ടുമുള്ള പ്രത്യേക പ്രചാരണ പരിപാടി സ്വച്ഛതാ 3.0 യ്ക്ക് തുടക്കമായി. ഗാന്ധിജയന്തിയോടനുബന്ധിച്ചാണ് പ്രചാരണം. കഴിഞ്ഞ രണ്ട് വർഷമായി നടത്തിയ പ്രത്യേക പ്രചാരണത്തിന്റെ തുടർച്ചയാണ് ഈ മാസം 31 വരെ നീളുന്ന പരിപാടി.

*************************

## GANDHI JAYANTI- INTERNATIONAL

മഹാത്മാഗാന്ധിയുടെ 154-ആം ജന്മവാർഷികദിനം ആചരിച്ച് വിവിധ ലോക രാജ്യങ്ങളും. വിദേശത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിലുൾപ്പെടെ വിവിധ പരിപാടികൾ നടക്കുകയാണ്. ബംഗ്ലാദേശിൽ,

നൗഖാലിയിലെ ചരിത്രപ്രധാനമായ ഗാന്ധി ആശ്രമം ഗാന്ധി ജയന്തിയോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ശ്രീലങ്കയിൽ പ്രധാനമന്ത്രി ദിനേശ് ഗുണവർധനയും ശ്രീലങ്കയിലെ ഇന്ത്യൻ സ്ഥാനപതിയും കൊളംബോയിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയായ ടെംപിൾ ട്രീസിൽ മഹാത്മാഗാന്ധിക്ക് ഉപചാരമർപ്പിച്ചു. ഗാന്ധി ജയന്തിയുടെ ഭാഗമായി സ്വച്ഛതയുടെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് സ്ഥാനപതി കാര്യാലയത്തിലെ ഉദ്യോഗസ്ഥർ പ്രത്യേക ശുചിത്വ പരിപാടി നടപ്പാക്കി. ജാഫ്നയിലും ഇന്ത്യൻ കോൺസുലേറ്റ് ജനറലിന്റെ ആഭിമുഖ്യത്തിൽ ഗാന്ധി ജയന്തി ആചരിച്ചു.

***********************

## SASTRI ANNIVERSARY

ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ 120 ആം ജന്മ വാർഷികദിനവും രാജ്യം ഉചിതമായി ആഘോഷിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യതലസ്ഥാനത്തെ ലാൽ ബഹാദൂർ ശാസ്ത്രിയുടെ സമാധിസ്ഥലമായ വിജയ് ഘട്ടിൽ പുഷ്പാർച്ചന നടത്തി.
ലാൽ ബഹാദൂർ ശാസ്ത്രിയുടെ ലാളിത്യവും രാഷ്ട്രത്തോടുള്ള അർപ്പണബോധവും **ജയ് ജവാൻ, ജയ് കിസാൻ** എന്ന ആഹ്വാനവും ഇന്നും തലമുറകളെ പ്രചോദിപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ പുരോഗതിയോടുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയും വെല്ലുവിളി നിറഞ്ഞ സമയങ്ങളിൽ അദ്ദേഹം നൽകിയ നേതൃത്വവും മാതൃകാപരമാണെന്ന് ശ്രീ.മോദി പറഞ്ഞു.

***********************

## PM VISIT-CHITTORGARH & GWALIOR

രാജസ്ഥാനിലെ ചിറ്റോർഗഢിൽ 7,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു, സംസ്ഥാനത്ത് കൂടുതൽ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. പുതിയ പദ്ധതികളിലൂടെ നിരവധി പേർക്ക് തൊഴിൽ ലഭിക്കുമെന്നും ശ്രീ മോദി വ്യക്തമാക്കി. രാജസ്ഥാനിലെ **മെഹ്സാന-ഭട്ടിൻഡ-ഗുരുദാസ്പൂർ** ഗ്യാസ് പൈപ്പ്ലൈൻ പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു. അബു റോഡിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ എൽ.പി.ജി പ്ലാന്റും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ഇരട്ടിപ്പിച്ച ചിറ്റോർഗഡ്-നീമച്ച് റെയിൽ പാത, വൈദ്യുതീകരിച്ച കോട്ട - ചിറ്റോർഗഡ് റെയിൽ പാത, എൻ.എച്ച് -12 ലെ നാലുവരിപ്പാത എന്നിവയും അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിച്ചു.

*************************

**HEADLINE-2**

## PM-MP VISIT-UPDATE (INTRO)

മധ്യപ്രദേശിലെ ഗ്വാളിയോറിൽ 19,260 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. 11,895 കോടി രൂപയുടെ ഡൽഹി – വഡോദര എക്സ്പ്രസ് വേ, 880 കോടി രൂപയുടെ അഞ്ച് വ്യത്യസ്ത റോഡ് പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. മധ്യപ്രദേശ് പോരാളികളുടെ നാടാണെന്നും ഇരട്ട എഞ്ചിൻ വികസനമാണ് ഇവിടെ നടക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. മറ്റ് സർക്കാരുകൾ ഒരു വർഷം കൊണ്ട്

നടപ്പാക്കുന്ന വികസനം ബി.ജെ.പി സർക്കാരിന് ഒരു ദിവസം കൊണ്ട് നടപ്പാക്കാൻ കഴിയും. ഇപ്പോൾ ലോകം മുഴുവൻ ഇന്ത്യയെ വാഴ്ത്തുകയാണെന്നും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലോകത്തിലെ ഏറ്റവും മികച്ച മൂന്ന് സമ്പദ് വ്യവസ്ഥകളിൽ ഒന്നായി ഇന്ത്യ മാറുമെന്ന് ഉറപ്പുനൽകുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ നിർമിച്ച വീടുകളുടെ താക്കോൽദാനവും ഗ്വാളിയോർ, ഷിയോപ്പൂർ ജില്ലകൾക്കായി 1,530 കോടി രൂപയുടെ ജൽജീവൻ മിഷൻ പദ്ധതികളുടെ തറക്കലിടലും പ്രധാനമന്ത്രി നിർവ്വഹിച്ചു.

************************

## MANDAVIYA - ORGAN DONATION

രാജ്യത്ത് ആയുഷ്മാൻ ഭവ് കാമ്പെയ്ന് കീഴിൽ അവയവദാന പ്രതിജ്ഞയെടുത്തത് 50,000-ത്തിലധികം പേർ. ഗുജറാത്തിലെ ഗാന്ധിനഗറിൽ കഴിഞ്ഞ മാസം നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമുവാണ് പ്രചാരണത്തിന് തുടക്കം കുറിച്ചത്. കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യവും അവയവദാന സത്യപ്രതിജ്ഞ ചെയ്യാൻ ജനങ്ങളോട് അഭ്യർത്ഥിച്ചിരുന്നു. ഒരു വ്യക്തിക്ക് തന്റെ മരണശേഷം വൃക്കകൾ, കരൾ, ശ്വാസകോശം, ഹൃദയം, കോർണിയ തുടങ്ങിയ സുപ്രധാന അവയവങ്ങൾ ദാനം ചെയ്യുന്നതിലൂടെ എട്ട് പേർക്ക് പുതുജീവൻ നൽകാൻ കഴിയും. കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്ത് അവയവദാനം നടത്തുന്നവരുടെ എണ്ണം

മൂന്നിരട്ടിയിലേറെ വർധിച്ചു. അടുത്ത വർഷം അവസാനത്തോടെ രാജ്യത്തെ എല്ലാ ആശുപത്രികളിലും അവയവങ്ങൾ വീണ്ടെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

************************

**HEADLINE-3**

## CM- CIAL

രാജ്യത്തെ വ്യോമയാന മേഖലയിൽ 9.7 ശതമാനം വളർച്ചാ നിരക്കാണ് പ്രതീക്ഷിക്കുന്നതെന്നും അത് മുന്നിൽകണ്ടു കൊണ്ടുള്ള വികസനമാണ് കൊച്ചി വിമാനത്താവളത്തിൽ നടപ്പാക്കുന്നതെന്ും മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന 7 മെഗാ പദ്ധതികളുടെ പ്രവർത്തന - നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഗവൺമെന്റ് മേൽനോട്ടത്തിൽ സ്ഥാപനങ്ങൾ ലാഭകരമായി നടത്താൻ കഴിയും എന്നതിന്റെ മികച്ച ഉദാഹരണമാണ് സിയാൽ എന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. രാജ്യാന്തര ടെർമിനലിന്റെ വികസനം പൂർത്തിയാകുമ്പോൾ **ഏപ്രൺ** 15 **ലക്ഷം** ചതുരശ്ര അടിയും **ടെർമിനൽ** 5 **ലക്ഷം ചതുരശ്ര** അടിയും വർദ്ധിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. 8 ഏറോ ബ്രിഡ്ജുകളും ഇതോടൊപ്പം കൂട്ടിച്ചേർക്കപ്പെടും. ഇതോടെ വിമാനത്താവളത്തിലെ പാർക്കിംഗ് ബേകളുടെ എണ്ണം 44 ആയി ഉയരും. യാത്രക്കാർക്ക് ഹ്യസ്വ സമയത്തെ വിശ്രമത്തിനായി നിർമ്മിക്കുന്ന ഏറോ ലോഞ്ച്

ആറുമാസം കൊണ്ട് പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*************************

## BIHAR CASTE SURVEY

രണ്ട് ഘട്ടങ്ങളിലായി നടത്തിയ ജാതി അധിഷ്ഠിത സർവേയുടെ വിശദാംശങ്ങൾ പുറത്തുവിട്ട് ബിഹാർ സർക്കാർ. 101 പേജുള്ള റിപ്പോർട്ട്, ചീഫ് സെക്രട്ടറി വിവേക് കുമാർ സിംഗ് ആണ് പ്രസിദ്ധപ്പെടുത്തിയത്. 13 കോടി ജനസംഖ്യയുള്ള ബിഹാറിൽ 36.01 ശതമാനം പേർ അതീവ പിന്നാക്ക ജാതിവിഭാഗങ്ങളിൽ നിന്നുള്ളവർ ആണെന്ന് സർവേ കണ്ടെത്തി. പിന്നാക്ക ജാതിക്കാർ 27.12 ശതമാനം, പട്ടികജാതിക്കാർ 19.65 ശതമാനം, പൊതുവിഭാഗം 15.52 ശതമാനം, പട്ടികവർഗ്ഗക്കാർ 1.68 ശതമാനം എന്നിങ്ങനെയാണ് ബിഹാറിൽ ഉള്ളതെന്നും സർവേ വ്യക്തമാക്കുന്നു.

*************************

### HEADLINE-5

## NOBEL-MEDICINE (INTRO)

വൈദ്യശാസ്ത്രത്തിനുള്ള ഈ വർഷത്തെ നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. പ്രൊഫ. കാറ്റലിൻ കാരികോ, പ്രൊഫ. ഡ്രൂ വൈസ്മാൻ എന്നിവർക്കാണ് നൊബേൽ. **വിശദാംശങ്ങളിലേക്ക്......**

(വോയിസ്)

## NOBEL-MEDICINE (VOICE)

എം ആർ എൻ എ കോവിഡ് വാക്സിനുകളുടെ വികസനത്തിന് അടിത്തറയൊരുക്കിയ ഗവേഷണങ്ങളാണ്

പ്രൊഫ. കാറ്റലിൻ കാരികോയെയും പ്രൊഫ. ഡ്രൂ വൈസ്മാനെയും ഈ വർഷത്തെ വൈദ്യശാസ്ത്ര നൊബേലിന് അർഹരാക്കിയത്. അമേരിക്കയിലെ പെൻസിൽവാനിയ സർവകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇരുവരും. വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ പുരസ്കാരം നേടുന്ന 13-മത് വനിതയാണ് കാറ്റലിൻ കാരികോ. വാക്സിൻ വികസനത്തിന്റെ വേഗം വർധിപ്പിക്കാൻ ഇവരുടെ ഗവേഷണങ്ങൾ നിർണ◌ായകമായതായി ന◌ൊബേൽ കമ്മിറ്റി സ്റ്റോക്ക്ഹോമിൽ പ്രസ്താവിച്ചു. കോവിഡിന് മുൻപ് പരീക്ഷണഘട്ടത്തിലായിരുന്ന എം ആർ എൻ എ സാങ്കേതികവിദ്യ, മഹാമാരിക്കാലത്ത് ദശലക്ഷക്കണക്കിന് പേർക്ക് പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കാൻ സഹായകമായി. ക◌ാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ ചികിത്സക്ക് എം ആർ എൻ എ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് സംബന്ധിച്ച് ഗവേഷണങ്ങൾ പുരോഗമിക്കുകയാണ്. പരമ്പരാഗത വാക്സ◌ിനുകളിൽ നിർവീര്യമാക്കിയ വൈറസുകളോ, പ്രോട്ടീൻ ഭാഗങ്ങളോ ആണ് ഉപയോഗിക്കുന്നത്, എന്നാൽ എം ആർ എൻ എ സാങ്കേതിവിദ്യ അധിഷ്ഠിത വാക്സിനുകളിൽ ജനിതക തന്മാത്രകളാണ് ഉപയോഗിക്കുന്നത്. മോഡേണ, ഫൈസർ ബയോഎൻടെക് തുടങ്ങിയ കമ്പനികളുടെ വാക്സിനുകൾ എം ആർ എൻ എ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമാണ്. ന്യൂസ് ഡെസ്ക് ആകാശവാണി......

*************************

## DELHI POLICE- TERRORIST

ദേശീയ അന്വേഷണ ഏജൻസിയുടെ മോസ്റ്റ് വാണ്ടഡ് പട്ടികയിലുള്ള ഐ.എസ് ഭീകരൻ ഷാനവാസിനെ

ഡൽഹി പോലീസിന്റെ പ്രത്യേക സെൽ അറസ്റ്റ് ചെയ്തു. ദക്ഷിണ ഡൽഹിയിലെ ജെയ്റ്റ്പൂരിൽ നിന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഇയാളോടൊപ്പം മറ്റ് രണ്ട് പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പാകിസ്ഥാൻ ആസ്ഥാനമായുള്ള സംഘടനകളുടെ രേഖകളും മറ്റ് വസ്തുക്കളും ഇവരിൽ നിന്ന് പിടികൂടിയിട്ടുണ്ട്. ഇവരെ കോടതിയിൽ ഹാജരാക്കിയശേഷം ഏഴു ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

*************************

## E-AUCTION-PM

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ച സ്മരണികകളുടെ ഇ-ലേലം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. ലേലം ഈ മാസം 31 വരെ തുടരും. ലേലത്തിൽ നിന്ന് ലഭിക്കുന്ന പണം ഗംഗാ നദി പുനരുജ്ജീവിപ്പിക്കാനുള്ള നമാമി ഗംഗാ പദ്ധതിക്ക് സംഭാവന ചെയ്യും. 100 രൂപ മുതൽ 65 ലക്ഷം രൂപ വരെയുള്ള മെമന്റോകൾ ഇ-ലേലത്തിൽ ലഭ്യമാണ്. ന്യൂഡൽഹിയിലെ നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്ടിൽ ഇത്തരം മെമന്റോകളുടെ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്. രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യത്തിന്റെ നേർക്കാഴ്ച നൽകുന്ന 150-ലധികം ശ്രദ്ധേയമായ സ്മരണികകൾ ഇതിൽ ഉൾപ്പെടുന്നു.

*************************

**HEADLINE-4**

## ASIAN GAMES

ചൈനയിലെ ഹാങ്ഷൂവിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിന്റെ ഒമ്പതാം ദിനവും മെഡൽ വേട്ട തുടർന്ന് ഇന്ത്യ. ഇന്ന് ഇതുവരെ മൂന്ന് വെള്ളിയും നാല്

വെങ്കലവുമാണ് ഇന്ത്യ കരസ്ഥമാക്കിയത്. വനിതകളുടെ ലോങ്ങ് ജംപിൽ മലയാളി താരം ആൻസി സോജൻ വെള്ളി നേടി. 6.56 മീറ്റർ താണ്ടി കരിയറിലെ മികച്ച പ്രകടനത്തോടെയാണ് ആൻസിയുടെ മെഡൽ നേട്ടം. വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചെയ്സിൽ ഇന്ത്യ ഇരട്ട മെഡൽ സ്വന്തമാക്കി. ഇന്ത്യയ്ക്കായി പാറുൾ ചൗധരി വെള്ളിയും പ്രീതി ലാംബ വെങ്കലവും നേടി. മിക്സഡ് 4x400 മീറ്റർ റിലേയിൽ വെങ്കലം നേടിയ ഇന്ത്യൻ ടീം പിന്നീട് ശ്രീലങ്കയെ അയോഗ്യരാക്കിയതോടെ വെള്ളി സ്വന്തമാക്കുകയായിരുന്നു. വനിതാ-പുരുഷ സ്പീഡ് സ്കേറ്റിംഗ് റിലേ ടീമുകൾ, ടേബിൾ ടെന്നിസിൽ വനിതകളുടെ ഡബിൾസ് ടൂർണമെന്റ് എന്നിവയിലാണ് ഇന്ത്യയുടെ മറ്റ് വെങ്കല നേട്ടങ്ങൾ. ഇതോടെ 13 സ്വർണ്ണവും, 23 വെള്ളിയും, 24 വെങ്കലവുമടക്കം 60 മെഡലുകൾ നേടി ഇന്ത്യ നാലാം സ്ഥാനത്ത് തുടരുകയാണ്. വനിതകളുടെ കബഡിയിൽ ചൈനീസ് തായ്പേയുമായി നടന്ന മത്സരത്തിൽ ഇന്ത്യ സമനില നേടി. പുരുഷന്മാരുടെ ഹോക്കി പൂൾ A യിലെ അവസാന മത്സരത്തിൽ എതിരില്ലാത്ത 12 ഗോളുകൾക്ക് ഇന്ത്യ, ബംഗ്ലാദേശിനെ പരാജയപ്പെടുത്തി. വനിതകളുടെ നാന്നൂറ് മീറ്റർ ഹർഡിൽസിൽ ഇന്ത്യൻ താരം വിദ്യാ രാംരാജ് ഫൈനലിലേക്ക് നേരിട്ട് യോഗ്യത നേടി. 1984 ലെ പി ടി ഉഷയുടെ ദേശിയ റെക്കോർഡിനൊപ്പം എത്തിയ പ്രകടനമായിരുന്നു വിദ്യ കാഴ്ചവച്ചത്.

*************************

## ANURAG- ASIAN GAMES FELICITATION

ഏഷ്യൻ ഗെയിംസിൽ ഷൂട്ടിങ്, സെയ്‌ലിംഗ്, ടെന്നീസ്, വുഷു എന്നീ ഇനങ്ങളിൽ മെഡൽ നേടിയ 24 താരങ്ങളെ കേന്ദ്ര കായിക മന്ത്രി അനുരാഗ് സിംഗ് താക്കൂർ

ന്യൂഡൽഹിയിൽ അനുമോദിച്ചു. മെഡൽ നേടിയ താരങ്ങൾ രാജ്യത്തിന്റെ യശ്ശസ്സുയർത്തിയെന്നും അവരുടെ കഠിനാധ്വാനം കായിക രംഗത്ത് വളർന്നു വരുന്ന ഒരു സൂപ്പർപവറായി രാജ്യത്തെ മാറ്റിയെന്നും അദ്ദേഹം പറഞ്ഞു. ഖേലോ ഇന്ത്യ പദ്ധതി പ്രതീക്ഷിച്ച ഫലം നേടിത്തരുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു. അദ്ദേഹം പരിശീലകരെയും പിന്തുണ ജീവനക്കാരെയും അനുമോദിച്ചു.

*************************

## RAIN

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ശക്തമായ മഴയാണ് അനുഭവപ്പെട്ടത്. ഈ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തെക്ക്-പടിഞ്ഞാറൻ ഝാർഖണ്ഡിനു മുകളിൽ ന്യൂനമർദ്ദം സ്ഥിതിചെയ്യുന്നുണ്ട്. എന്നാൽ മധ്യമഹാരാഷ്ട്രയ്ക്ക് മുകളിൽ സ്ഥിതിചെയ്യുന്ന ന്യൂനമർദ്ദം ചക്രവാതചുഴിയായി ദുർബലമായി. അതിനിടെ, ജലനിരപ്പ് ക്രമീകരിക്കുന്നതിനായി തെന്മല ഡാമിന്റെ മൂന്ന് ഷട്ടറുകൾ നാളെ ഉച്ചയ്ക്ക് പന്ത്രണ്ട് മണിക്ക് ഘട്ടംഘട്ടമായി 30 സെന്റീമീറ്റർ വരെ ഉയർത്തും. കല്ലടയാറിന്റെ തീരത്തുള്ളവർ ജാഗ്രത പാലിക്കണം.

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ എല്ലാ ഖനന പ്രവർത്തനങ്ങൾക്കും മലയോര മേഖലയിലേയ്ക്കുള്ള രാത്രികാല യാത്രയ്ക്കും ഈമാസം അഞ്ചു വരെ നിരോധനം ഏർപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവിട്ടു.

**************************************************************************

********************************